പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6089

02/04/2018 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡി / സി.ഇ.ഒ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികകളിലേക്കുള്ള നിയമനത്തിന് മത്സരപരീക്ഷയും അഭിമുഖവും ഇനി മുതൽ ഒഴിവാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ; | എ) തീരുമാനിച്ചിട്ടില്ല. |
| ബി) പ്രസ്തുത തസ്തികകളിലേക്കുള്ള നിയമനത്തിന് റിയാബ് തയ്യാറാക്കിയ സാധ്യതാ പട്ടിക സർക്കാർ റദ്ദാക്കുകയുണ്ടായോ എന്നറിയിക്കാമോ; | ബി) വിവിധ സ്ഥാപനങ്ങളിൽ നിയമനം നടത്തിയ ശേഷം പട്ടിക റദ്ദാക്കുകയുണ്ടായി. |
| സി) ഇതിനുശേഷം നാല് സ്ഥാപനങ്ങളിൽ സർക്കാർ മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുകയുണ്ടായോ; | സി) നിയമിക്കുകയുണ്ടായി. |
| ഡി) ഇങ്ങനെ നിയമിച്ചവരിൽ രണ്ടുപേർ വിജിലൻസ് അന്വേഷണം നേരിടുന്നവരാണോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | ഡി) ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 6.1.2018 ലെ സ.ഉ.(സാധാ)നം.53/18/വ്യവ പ്രകാരം |

ശ്രീ.സജി ബഷീറിനെ കെൽപാം എം.ഡി.യായി നിയമിക്കുകയുണ്ടായെങ്കിലും തുടർന്ന് 11.1.2018 ലെ സ.ഉ.(സാധാ) നം.65/18/വ്യവ പ്രകാരം ടിയാനെ കെൽപാമിൽ നിന്നും "Kept Out of Office" ആയി ഉത്തരവിറക്കുകയും ആ ഒഴിവിലേയ്ക്ക് 27.1.2018 ലെ സ.ഉ.(സാധാ) നം.98/18/വ്യവ പ്രകാരം ശ്രീ.ആർ.അശോകിനെ കെൽപാം മാനേജിംഗ് ഡയറക്ടറായി നിയമിക്കുകയുമുണ്ടായി. 7.12.2017 ലെ ബഹു.ഹൈക്കോടതിയുടെ ഉത്തരവ്വ പ്രകാരം, റിയാബ് സെക്രട്ടറിയായിരിക്കെ സസ്പെൻഷനിലായ ശ്രീ.കെ.പത്മകുമാറിന് 28.12.2017 ലെ സ.ഉ.(സാധാ) നം.1727/17/വ്യവ പ്രകാരം കേരള ഓട്ടോമൊബൈൽസിൽ എം.ഡി.യായി നിയമനം നൽകിയെങ്കിലും ടിയാൻ ചാർജെടുക്കാത്ത സാഹചര്യത്തിൽ 9.2.2018 ലെ സ.ഉ.(സാധാ) നം.160/18/വ്യവ പ്രകാരം ശ്രീ.എ.ഷാജഹാനെ കേരള ഓട്ടോമൊബൈൽസിൽ മാനേജിംഗ് ഡയറക്ടറായി നിയമനം നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ശ്രീ.സജി ബഷീറും, ശ്രീ.കെ.പത്മകുമാറും വിജിലൻസ് അന്വേഷണം നേരിടുന്നവരാണ്.

| | | | |
|---|---|---|---|
| ഇ) | ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡി/സി.ഇ.ഒ നിയമനം ഇനി നടത്താനായുണ്ട്; അവിടങ്ങളിൽ എന്നത്തേക്ക് നിയമനം നടത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ? | ഇ) | നിലവിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും എം.ഡി.മാരെ നിയമിക്കുകയോ അധികചുമതല നൽകുകയോ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ